**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഭരണ മികവിന് പുരസ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ജി സ്റ്റീഫൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് സൂചികയിൽ 2016 മുതൽ എന്നപോലെ ഇത്തവണയും പ്രഥമ സ്ഥാനം നേടാനായിട്ടുണ്ടോ; പ്രസ്തുത സൂചികയിൽ കേരളത്തിന് ലഭിച്ച സ്കോർ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ; | (എ) | ഉണ്ട്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ 1.618 സ്കോർ നേടിയാണ് കേരളം ഒന്നാമതെത്തിയത്. തൊട്ടുപിന്നിലുള്ള തമിഴ്നാടിന്റെ സ്കോർ 0.897 ആണ്. കേരളത്തിനുമാത്രമാണ് താരതമ്യ സ്കോർ നിർണ്ണയ രീതിയിൽ 1 ന് മുകളിൽ സ്കോർ ലഭിച്ചിട്ടുള്ളത്. വികസന ക്ഷേമ രംഗങ്ങളിൽ നടത്തിയ വൻമുന്നേറ്റമാണ് മറ്റു സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി ഈ നേട്ടം തുടർച്ചയായി കൈവരിക്കാൻ കേരളത്തെ പ്രാപ്തമാക്കിയത്. വിവിധ സംസ്ഥാനങ്ങളുടെ ഇൻഡക്സ് സ്കോർ താഴെ പറയും പ്രകാരമാണ്. റാങ്ക് വലിയ സംസ്ഥാനങ്ങൾ PAI 2021ഇൻഡക്സ് സ്കോർ 1 കേരളം 1.618 2 തമിഴ്നാട് 0.897 3 തെലുങ്കാന 0.891 4 ഛത്തിസ്ഗഢ് 0.872 5 ഗുജറാത്ത് 0.782 6 പഞ്ചാബ് 0.643 7 കർണ്ണാടക 0.121 8 ആന്ധ്രാപ്രദേശ് 0.077 9 ജാർഖണ്ഡ് -0.071 10 മധ്യപ്രദേശ് -0.113 11 രാജസ്ഥാൻ -0.243 12 മഹാരാഷ്ട്ര -0.36 13 ഹരിയാന -0.431 14 ആസ്സാം -0.459 15 പശ്ചിമബംഗാൾ -0.553 16 ഒറീസ്സാ -0.91 17 ബീഹാർ -1.343 18 ഉത്തർപ്രദേശ് -1.418 |
| (ബി) | വിവിധ മേഖലകളിലെ ഭരണ മികവിന് സംസ്ഥാനത്തിന് പ്രസ്തുത കാലയളവിൽ ലഭിച്ചിട്ടുള്ള പ്രധാന പുരസ്കാരങ്ങൾ ഏതൊക്കെയാണ്; | (ബി) | നീതി ആയോഗിന്റെ 2020-21 സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഏറ്റവും വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനവും കേരളമാണ്. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിലും 2020-21 വർഷം കേരളം ഒന്നാമതെത്തി. ഐക്യ രാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ 2018 ൽ |

കേരളത്തിനായിരുന്ന രാജ്യത്ത് ഒന്നാം സ്ഥാനം. 2019 ൽ സെൻറർ ഫോർ മീഡിയ സ്റ്റഡീസും ട്രാൻസ്പാരൻസി ഇൻറർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസും ചേർന്ന് നടത്തിയ ഇന്ത്യാ കറപ്ഷൻ സർവ്വെയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാണ് കേരളം. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം വർഗ്ഗീയ കലാപങ്ങൾ ഇല്ലാത്ത നാടായി കേരളം മാറി. കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിലും കേരളം ഒന്നാമതാണ്. 2020 ൽ പൊതുവിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി മാറാൻ നമുക്ക് കഴിഞ്ഞു. കേരളത്തിന് സമീപ കാലയളവിൽ ലഭിച്ചിട്ടുള്ള പ്രധാന പുരസ്കാരങ്ങളുടെയും മികവിന്റെയും വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്. ക്രമ നമ്പർ പുരസ്കാരങ്ങൾ 1 വയോജന പരിപാലനത്തിലെ രാജ്യത്തെ മികച്ച മാതൃകയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം. 2 രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന് ഇന്ത്യാടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ് 3 കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം 4 രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് 5 ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി-ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്. 6 ഇന്ത്യയിലെ പ്രമുഖ റേറ്റിംഗ് കമ്പനിയായ 'ക്രിസിലി'ന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് ഉയർന്ന സ്ഥാനം. 7 ഇ-സഞ്ജീവനി, കാരുണ്യ ബെനവലൻറ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം. 8 ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് കേരളത്തിൽ, പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് (2018) 9 2016, 2017, 2018 വർഷങ്ങളിൽ മികച്ച ഭരണം കാഴ്ചവച്ച ഇന്ത്യൻ സംസ്ഥാനം. 10 സ്കൂൾ എഡ്യൂക്കേഷൻ കേന്ദ്ര വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമത്. 11 പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിൽ ദേശീയ തലത്തിൽ ഒന്നാമത്. 12 രാജ്യത്തെ മികച്ച 12 ഗ്രാമപഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തും. 13 മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ ഏർ പ്പെടുത്തിയ

| | | | |
|---|---|---|---|
| | | | പുരസ്കാരം സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്. 14 കുടുംബശ്രീ: അന്താരാഷ്ട്ര വ്യാപാരമേളയിൽ മികച്ച വാണിജ്യ ശാലയ്ക്കുള്ള (Commercial Stall) പുരസ്കാരം. കേന്ദ്ര ഭവന മന്ത്രാലയത്തിന്റെ (NULM) കീഴിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് ദേശീയ പുരസ്കാരം (2019). |
| (സി) | പ്രകൃതി ദുരന്തങ്ങളും മഹാമാരിയും സൃഷ്ടിച്ച ആഘാതങ്ങൾ അതിജീവിക്കുന്നതിനും വിഭവ പരിമിതിക്കിടയിലും ക്ഷേമ, വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ; | (സി) | പ്രകൃതി ദുരന്തങ്ങളും മഹാമാരിയും ഉൾപ്പെടെയുള്ള പ്രതിസന്ധികൾക്കിടയിലും നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരമുള്ള സുസ്ഥിര വികസന ലക്ഷ്യം തുടർച്ചയായി മൂന്നാം തവണയും കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞു. ആരോഗ്യ സൂചികയിലും കേരളം മുന്നിലാണ്. നാഷണൽ മൾട്ടി ഡയമൻഷണൽ പോവർട്ടി സംബന്ധിച്ച നീതി ആയോഗ് ബേസ് ലൈൻ റിപ്പോർട്ടിൽ രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. അതിദരിദ്രർക്കുള്ള ക്ഷേമപ്രവർത്തനങ്ങളിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ക്ഷേമബോർഡ് പെൻഷനുകൾ, ദുർബലജനവിഭാഗങ്ങൾ ക്കുള്ള ധനസഹായം എന്നിവയുടെ വിതരണവും സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകിയതും മഹാമാരിയുടെ ദുരിതത്തിനിടയിൽ ജനങ്ങൾക്ക് ആശ്വാസം പകർന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 ജൂൺ, സെപ്റ്റംബർ കാലയളവിൽ ആദ്യത്തെ 100 ദിന പരിപാടി പൂർത്തിയാക്കി. രണ്ടാമത്തേത് നടന്നുകൊണ്ടിരിക്കുകയാണ്. 17183 കോടി രൂപ പ്രതീക്ഷിത മുതൽ മുടക്കോടെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ലക്ഷ്യമിട്ടുന്നതാണ് 100 ദിന പരിപാടി. പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങളും വ്യക്തിഗത തൊഴിൽദിനങ്ങളും സൃഷ്ടിക്കുന്നതിന് 100 ദിന പരിപാടിയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം |

| | | | | |
|---|---|---|---|---|
| | | | | ഉറപ്പുവരുത്തുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമനിർമ്മാണത്തിനും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ചേർത്തലയിലെ മെഗാ ഭക്ഷ്യസംസ്കരണ പാർക്കിന്റെയും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവയുടെയും പ്രവർത്തനം 2022 ൽ ആരംഭിക്കാനാവും. തീരദേശവ്യാപാരം മെച്ചപ്പെടുത്തുന്നതിനായി കൊച്ചിയിൽ നിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേക്ക് ഗ്രീൻ ഫ്ളൈറ്റ് കോറിഡോർ-II സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ഐ.ടി പാർക്കുകളിൽ 7.68 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള അധിക സ്ഥലത്തിന്റെ നിർമ്മാണം ഇക്കൊല്ലം യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം ടെക്നോസിറ്റിയിൽ എയറോസ്പേസ് ഹബ് പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണവും ഇക്കൊല്ലം ആരംഭിക്കും. കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടവും പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ